# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 04 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**


<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 3

## കൊറോണ വൈറസ്: പഠനയാത്രകൾ ഒഴിവാക്കണം

കൊറോണ വൈറസ് ബാധ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ വൈറസ് ബാധ സ്ഥിരീകരിച്ച തൃശൂർ ജില്ലയിലെ സ്കൂൾ, കോളേജ് അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള പഠനയാത്രകൾ ഒഴിവാക്കണമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. ഇത് സംബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനമേധാവികൾക്ക് അദ്ദേഹം നിർദ്ദേശം നൽകി. ജില്ലയിൽ കൂടുതൽ പേരെ രോഗ ലക്ഷണങ്ങളോടെ നിരീക്ഷണത്തിൽ പ്രവേശിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾ പൊതുജനങ്ങളുമായി കൂടുതൽ ഇടപഴകി രോഗസാധ്യത വർദ്ധിപ്പിക്കുന്നത് തടയാനാണ് പഠനയാത്രകൾ ഒഴിവാക്കുന്നതെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

കൊറോണ ബോധവൽക്കരണത്തിനായി ജില്ലയിലെ സ്കൂളുകളിൽ പ്രത്യേക അസംബ്ലി ചേരും.

## കൊറോണ പ്രതിരോധം
## കളക്ടറേറ്റ് കൺട്രോൾ റൂം

കൊറോണ രോഗപ്രതിരോധ നടപടികൾ സജീവമായി മുന്നേറുന്ന തൃശൂർ ജില്ലയിൽ സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്. രോഗം സ്ഥിരീകരിച്ച വിദ്യാർത്ഥിനിയുടെ ആരോഗ്യനില തൃപ്തികരമായി തുടരുന്നു. ജില്ലയിൽ ആകെ 230 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 41 പേർ ഇന്ന് പുതുതായി നിരീക്ഷണത്തിൽ എത്തിയവരാണ്. വീടുകളിൽ 202 പേർ കരുതൽ നിരീക്ഷണത്തിൽ കഴിയുന്നു. സർക്കാർ മെഡിക്കൽ കോളേജിൽ 19 ഉം ജനറൽ ആശുപത്രിയിൽ 9 ഉം ഉൾപ്പെടെ 28 പേരാണ് ആശുപത്രികളിൽ നിരീക്ഷണത്തിലുള്ളത്. 68 സാമ്പിളുകൾ ഇതുവരെ ജില്ലയിൽ നിന്ന് പരിശോധനയക്ക് അയച്ചു. പുതുതായി 18 സാമ്പിളുകളാണ് ഇന്ന് പരിശോധനയ്ക്ക് അയച്ചത്. ഇതു വരെ അയച്ച സാമ്പിളുകളിൽ 15 എണ്ണത്തിന്റെ ഫലം ലഭ്യമായി.

രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിപുലമായ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കപ്പെടുന്നുണ്ട്. ആരോഗ്യ വകുപ്പ് ജീവനക്കാർ, കുടുംബശ്രീ, അങ്കണവാടി, ആശാപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർക്കുള്ള പരിശീലന പരിപാടികൾ തുടരുകയാണ്. 5794 പേർക്ക് ഇന്ന് മാത്രം പരിശീലനം നൽകി. ഇതു വരെ 20297 പേർക്ക് പരിശീലനം നൽകി. വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരുടെ ഉത്കണ്ഠ, മാനസിക സമ്മർദ്ദം എന്നിവ ദൂരീകരിക്കുന്നതായി ഫോൺ വഴിയുള്ള കൗൺസലിങ്ങ് ഫലപ്രദമായി സംഘടിപ്പിക്കപ്പെടുന്നുണ്ട്. 177 പേർക്ക് ഇന്ന് കൗൺസലിങ്ങ് നൽകി. വനിത-ശിശു ക്ഷേമ വകുപ്പിന്റെ കീഴിലുള്ള 10 കൗൺസിലർമാരെ കൂടി പൊതുജനങ്ങളുടെ സംശയനിവാരണത്തിന് പുതുതായി നിയോഗിച്ചു. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇടയിൽ ബോധവൽക്കരണം നടത്താൻ തൊഴിൽ വകുപ്പ് നടപടി

ആരംഭിച്ചു. രോഗഭീഷണി മാറുന്നതുവരെ സ്കൂളുകളിൽ നിന്ന് പഠനയാത്ര പോകുന്നത് ഒഴിവാക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശം നൽകി.

സാമൂഹ്യമാധ്യമങ്ങൾ വഴിയും ഇല്കട്രോണിക് മാധ്യമങ്ങൾ വഴിയും ബഹുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ലഘുചിത്രങ്ങളും, പോസ്റ്ററുകളും തയ്യാറാക്കി ആരോഗ്യ വകുപ്പ് പ്രചരണം നടത്തുന്നുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ആരോഗ്യ വകുപ്പിന്റെ 3 പേർ അടങ്ങുന്ന സഹായകേന്ദ്രം പ്രവർത്തിക്കുന്നു. മെഡിക്കൽ കോളേജിലേക്കും ജനറൽ ആശുപത്രിയിലേക്കും 5 വീതം നഴ്സുമാരുടെ സേവനം അധികമായി ലഭ്യമാക്കി.

കൊറോണ രോഗവുമായി ബന്ധപ്പെട്ട് വ്യാജ വാർത്ത പ്രചരിപ്പിച്ച കേസിൽ ഒരാളെ കൂടി പോലീസ് അറസ്റ്റ് ചെയ്തു. മാള പുത്തൻച്ചിറ കുറ്റിയിൽ ഹൗസ് മനോജ് (44) ആണ് അറസ്റ്റിലായത്.

കൊറോണ രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് ജില്ലാ കൺട്രോൾ റൂമിൽ ലഭിച്ച കോളുകളിൽ പ്രധാനമായി ഉന്നയിക്കപ്പെട്ട സംശയങ്ങളും അവയ്ക്കുള്ള മറുപടിയും

1) ചൈനയിൽ നിന്നും വരുന്നവരെ നിർബന്ധിത ക്വാറന്റൈനിൽ ആക്കണം എന്ന് പറഞ്ഞു. ഏതു തീയതി മുതൽ വന്നരെയാണ് ഇങ്ങനെ ചെയ്യേണ്ടത് ?

ഉ: വന്നിട്ട് 28 ദിവസം കഴിഞ്ഞ് പ്രത്യേകിച്ച് രോഗലക്ഷണങ്ങൾ ഇല്ലാത്തവരെ ഒഴിവാക്കുക.

2) മാസ്ക് ഉപയോഗിക്കുന്നതും ആയി ബന്ധപ്പെട്ട് സോഷ്യൽ മീഡിയയിൽ വരുന്ന കാര്യങ്ങൾ രോഗി ധരിക്കേണ്ടതും, രോഗം വരാത്തവർ ധരിക്കേണ്ടതും ശരിയാണോ?

ഉ: മാസ്ക് ധരിക്കുന്നത് എല്ലാവരും ഒരേ രീതിയിൽ തന്നെ ആയിരിക്കണം. രോഗം ഉള്ളവരും ഇല്ലാത്തവരും രണ്ടു രീതിയിൽ മാസ്ക് ധരിക്കണമെന്ന് ഉള്ളത് തെറ്റായ വാർത്തയാണ്.

3) പാലക്കാട് പഠനയാത്രക്ക് നിരോധനം ഉണ്ടോ?

ഉ: ഇല്ല. നിലവിൽ വയനാട് ജില്ലയിലേക്കുള്ള പഠനയാത്രക്ക് ആണ് നിരോധനം ഉള്ളത്

4) ഹോങ്കോങ്ങിലേക്ക് അടുത്ത ആഴ്ച ടൂർ പോകുന്നതിന് കുഴപ്പമുണ്ടോ ?

ഉ: ഉണ്ട്. ചൈന കൂടാതെ ഹോങ്കോങ്ങ് ഉൾപ്പെടെ ഉള്ള രാജ്യങ്ങളിലേക്ക് ടൂർ ഒഴിവാക്കുന്നതാണ് നല്ലത്. ഈ രാജ്യങ്ങളിൽ കൂടുതൽ ആയി കൊറോണ കേസുകൾ റിപ്പോർട്ടു ചെയ്തതിനെ തുടർന്നാണ് ഇത്.

5) ചൈനയിൽ ജോലിയിൽ തിരികെ കയറണം. നിലവിലെ ഹോം ക്വാറന്റയിനിൽ ആണ്. എന്തു ചെയ്യണം?

ഉ: ഈ കാര്യത്തിൽ നിലവിൽ ഹോം ക്വാറന്റയിനിൽ ആണെന്ന് അതാതിടത്തെ മെഡിക്കൽ ഓഫീസർമാരോട് സർട്ടിഫിക്കറ്റ് നൽകാൻ അറിയിച്ചിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ ചർച്ചയ്ക്ക് വച്ച് തീരുമാനിക്കേണ്ട വിഷയം ആണ്.

ജില്ലാ കളക്ടർ.